STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.225/PR/SPMC/PHQ/2021 Date :31.05.2021

# കടകൾക്കു മുന്നിൽ സാമൂഹിക അകലം പാലിച്ചില്ലെങ്കിൽ ഉടമകൾക്കെതിരെ നടപടി

തുറന്നുപ്രവർത്തിക്കാൻ അനുമതി ലഭിച്ച സ്ഥാപനങ്ങൾക്കു മുന്നിൽ ആൾക്കൂട്ടം തടയുന്നതിനും സാമൂഹിക അകലം പാലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകി. നിർദ്ദേശങ്ങൾ പാലിക്കാത്ത കടയുടമകൾ, സ്ഥാപനനടത്തിപ്പുകാർ, ഉപഭോക്താക്കൾ എന്നിവർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്.

അവശ്യസർവ്വീസ് വിഭാഗത്തിൽപ്പെട്ടവർ യാത്രചെയ്യുമ്പോൾ തിരിച്ചറിയൽ കാർഡ് വേണം. മറ്റുള്ളവർ സത്യവാങ്മൂലം കരുതണം. പുതിയ ജോലിയിൽ പ്രവേശിക്കൽ, പരീക്ഷ, വൈദ്യചികിത്സ, മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കൽ മുതലായ കാര്യങ്ങൾക്ക് മാത്രമേ ജില്ലവിട്ടുള്ള യാത്ര അനുവദിക്കൂ. ഇതിന് സത്യവാങ്മൂലം നിർബന്ധമാണ്. ജില്ല വിട്ടുള്ള യാത്ര പരമാവധി ഒഴിവാക്കണം.

പ്രാദേശികതലത്തിലെ ആവശ്യങ്ങൾ പരിഗണിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അനുമതിയോടെ ആവശ്യമായ നിയന്ത്രണങ്ങൾ ജില്ലാ പോലീസ് മേധാവിമാർക്ക് ഏർപ്പെടുത്താവുന്നതാണ്.

********************************